# കേരള സർവകലാശാല

നം. പി.ആർ.173/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഇന്റേണൽ മാർക്ക് പ്രസിദ്ധപ്പെടുത്തി

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ കേന്ദ്രം നടത്തുന്ന മൂന്നാം വർഷ ബി.എസ്സി കമ്പ്യൂട്ടർസയൻസ് (2014-17) ബാച്ചിന്റെ ഇന്റേണൽ മാർക്ക് (www.ideku.net) എന്ന സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പരാതിയുള്ളവർ ആഗസ്റ്റ് എട്ടിനകം കോഓർഡിനേറ്ററെ അറിയിക്കേണ്ടതാണ്.

### ക്ലാസുകൾ ആരംഭിക്കുന്നു

കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനിയറിംഗിൽ ഒന്നാം വർഷ ബി.ടെക് ക്ലാസുകൾ ആഗസ്റ്റ് ഒൻപതിന് രാവിലെ 9.30-ന് ആരംഭിക്കുന്നു. വിദ്യാർത്ഥികൾ രക്ഷിതാക്കൾക്കൊപ്പം കോളേജ് ഓഡിറ്റോറിയത്തിൽ എത്തിച്ചേരേണ്ടതാണ്.

### എം.വി.എ പുതുക്കിയ ടൈംടേബിൾ

കേരള സർവകലാശാല സെപ്തംബർ 13-ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ, സെപ്തംബർ 19-ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.വി.എ (പെയിന്റിംഗ്, ആർട്ട് ഹിസ്റ്ററി) പരീക്ഷകളുടെ പുതുക്കിയ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.ടെക് ഫലം

കേരള സർവകലാശാല സെപ്തംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ (ഫുൾടൈം & പാർട്ട്ടൈം - 2008 സ്കീം)/ മൂന്നാം സെമസ്റ്റർ (പാർട്ട്ടൈം - 2008 സ്കീം) സപ്ലിമെന്ററി, രണ്ടാം സെമസ്റ്റർ (ഫുൾടൈം & പാർട്ട്ടൈം - 2013 സ്കീം) സപ്ലിമെന്ററി, നാലാം സെമസ്റ്റർ (പാർട്ട്ടൈം - 2013 സ്കീം) റഗുലർ & സപ്ലിമെന്ററി, ഒന്നാം സെമസ്റ്റർ (ഫുൾടൈം & പാർട്ട്ടൈം - 2003 സ്കീം)/മൂന്നാം സെമസ്റ്റർ (പാർട്ട്ടൈം - 2003 സ്കീം) മേഴ്സി ചാൻസ് എം.ടെക് (മെക്കാനിക്കൽ) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. റിസൾട്ട് കോപ്പി വെബ്സൈറ്റിലും അതാത് കോളേജുകളിലും ആഗസ്റ്റ് 21 വരെ ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 18.

തിരുവനന്തപുരം.
02.08.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098